# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2978.** — **13-10-2011-ൽ മറുപടിയ്ക്ക്.**

## പാർലമെന്ററി കാര്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.എ.അഹമ്മദ് കബീർ.**<br>**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി.** | **ശ്രീ.ഉമ്മൻ ചാണ്ടി,**<br>**(മുഖ്യമന്ത്രി)** |
| **എ)** സംസ്ഥാന പാർലമെന്ററികാര്യ വകുപ്പ് കോളേജ് യൂണിവേഴ്സിറ്റി, സെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികൾക്കായി കഴിഞ്ഞ വർഷം (2010-11) നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ; | **എ)** പാർലമെന്ററി കാര്യ വകുപ്പിന് കീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2010-11 വർഷം കോളേജ്-യൂണിവേഴ്സിറ്റി-സെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികൾക്കായി സെമിനാറുകളും സിമ്പോസിയങ്ങളും നടത്തുകയുണ്ടായി. |
| **ബി)** പ്രസ്തുത വകുപ്പ് ആരംഭിച്ച ശേഷം ഏതെല്ലാം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു എന്നതു സംബന്ധിച്ച് വിശദവിവരം നൽകാമോ; | **ബി)** പാർലമെന്ററി കാര്യ വകുപ്പിന് കീഴിലുള്ള പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് താഴെപ്പറയുന്ന രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്:-<br>1. Towards an Inclusive India - Role of Parliament in Social change.<br>2. Foreign Policy, Federalism and International Treaties.<br>കൂടാതെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ സമ്പൂർണ്ണ കൃതികൾ അഞ്ചു വാല്യങ്ങളായി പ്രസിദ്ധീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്. |
| **സി)** 2011-12 വർഷത്തിൽ നടപ്പാക്കിവരുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | **സി)** 2011-12 വർഷത്തിൽ വളർന്നു വരുന്ന തലമുറയ്ക്ക് പക്വതയാർന്ന പാർലമെന്ററി അവബോധം പകർന്നു നൽകുന്നതിന് യൂണിവേഴ്സിറ്റി/കോളേജ്/ഹൈസ്ക്കൂൾ/ഹയർസെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥി |

കൾക്കായി സെമിനാറുകളും സിമ്പോസിയ ങ്ങളും ചർച്ചകളും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

കൂടാതെ താഴെപ്പറയുന്ന പരിപാടികൾ പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്താൻ ഉദ്ദേശിക്കുന്നു.

1. ദേശീയ സംസ്ഥാന പ്രാദേശിക സെമിനാറുകൾ.
2. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് കോൺഫറൻസ്.
3. എം.എൽ.എ.മാർക്കും യുവജന സംഘടനാ നേതാക്കൾക്കും ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും പരിശീലനം.
4. വനിതാ പഞ്ചായത്ത് പ്രസിഡന്റുമാർ, മുൻസിപ്പൽ അദ്ധ്യക്ഷൻമാർ എന്നിവർക്ക് 'പാർലമെന്ററി ജനാധിപത്യത്തിൽ സ്ത്രീകൾക്കുള്ള പങ്ക് ' എന്ന വിഷയത്തിൽ ദ്വിദിന ശിൽപ്പശാല.
5. നിയമ വകുപ്പു ജീവനക്കാർക്ക് ലീഗൽ ഡ്രാഫ്റ്റിംഗിലും വിവർത്തനത്തിലും പരിശീലനം.
6. സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പാർലമെന്ററി പേപ്പേഴ്സിനെ സംബന്ധിച്ച് പരിശീലനം.

**ഡി)** പ്രസ്തുത വകുപ്പിന്റെ കീഴിൽ യൂണിവേഴ്സിറ്റികളിൽ നടക്കുന്ന പഠനഗവേഷണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

**ഡി)** പഠന ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.